**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2087** **13/06/2019 ൽ മറുപടിയ്ക്ക്**

**<u>ഒപ്റ്റോമെട്രിസ്റ്റുകളുടെ സേവനം</u>**

| | ചോദ്യം<br>ശ്രീ.റ്റി.വി.രാജേഷ് | | മറുപടി<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിലെ കുട്ടികളിലെ നേത്രവൈകല്യങ്ങൾ കണ്ടെത്തുവാൻ എല്ലാ സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളിലും കുടുംബാരോഗ്യകേന്ദ്രങ്ങളിലും ഒപ്റ്റോമെട്രിസ്റ്റുകളുടെ സേവനം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (എ) | ഒപ്റ്റോമെട്രിസ്റ്റുമാർ നിലവിലുള്ള സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളുടെ പരിധിയിൽ വരുന്ന എല്ലാ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിലും കുട്ടികളുടെ നേത്ര വൈകല്യങ്ങൾ കണ്ടെത്തുവാനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. ഒപ്റ്റോമെട്രിസ്റ്റുമാർ ഇല്ലാത്ത സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളുടെ പരിധിയിൽ വരുന്ന വിദ്യാലയങ്ങളിൽ സമീപ സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിലെ ഒപ്റ്റോമെട്രിസ്റ്റിന്റെ സേവനം പ്രയോജനപ്പെടുത്തി പ്രസ്തുത പരിപാടി നടത്തിവരുന്നുണ്ട്. കുടുംബാരോഗ്യ കേന്ദ്രങ്ങൾ സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളുടെ പരിധിയിൽ വരുന്നതിനാൽ ഈ പ്രവർത്തനങ്ങൾ ബന്ധപ്പെട്ട സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളിലെ ഒപ്റ്റോമെട്രിസ്റ്റ് നടത്തിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ